കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊല്ലയിൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2064/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
ഫോൺ: 0471-2331231

തീയതി: 28.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലയിൽ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2064/19 തീയതി 28.01.2020

## തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. കൊല്ലയിൽ ഗ്രാമപഞ്ചായത്ത് 14.01.2019 മുതൽ 19.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മുഹമ്മദ് നിസാർ. എ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 29.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീമതി. സിന്ധുലാബീവി. എം. (ഓഡിറ്റ് ഓഫീസർ) |
| | 2. ശ്രീമതി. ആശ. ജി. ആർ. (സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | 3. ശ്രീ. അരുൺ സി.എസ്. (സീനിയർ ഗ്രേഡ് ഓഡിറ്റർ ) |
| | 4. ശ്രീ. രാജു.എസ്. (ഓഡിറ്റർ) |
| | 5.ശ്രീ. ഷാജി. എസ്. (ഓഡിറ്റർ ) |

### (ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി. വൈ. ലേഖ **(1.04.2018മുതൽ 31.03.2019വരെ)**

സെക്രട്ടറി : ശ്രീ. സി. ബാബു. **( 1.04.2018മുതൽ 31.03.2019വരെ)**

### നിർവഹണ ഉദ്യോഗസ്ഥർ :

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ഡി. മലർ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | ശ്രീമതി. സെലീന കെ.എം, | 01.04.2018 മുതൽ 1.08.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ. ശിവകുമാർ | 02.08.2018 മുതൽ 08.10.18 വരെ (ചാർജ്) |
| | ശ്രീ. ജിനേഷ് | 09.10.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീമതി. അനുജ | 01.04.2018 മുതൽ 15.05.2018 വരെ |
| | ശ്രീമതി. സെലീന കെ.എം. | 16.05.2018 മുതൽ 26.06.2018 വരെ |
| | ശ്രീ. ശിവകുമാർ | 27.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഉഷകുമാരി വി.എസ്, | 01.04.2018 മുതൽ 4.7.2018വരെ |
| | ശ്രീമതി. വിജയശ്രീ. എം, | 05.07.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അനുരാധ എ, | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സുമ. എസ്.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ യു.പി.എസ് മഞ്ചവിളാകം | ശ്രീമതി. വസന്തകുമാരി എൻ.എസ്, | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. | ശ്രീമതി. സിന്ധു. വി. ജെ, | 01.04.2018 മുതൽ 02.08.2018 വരെ |
| | ശ്രീമതി. സൗമ്യ. എസ്.എസ്. | 03.08.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. സുനിത എസ്.എസ്. | 01.04.2018 മുതൽ 20.06.2018 വരെ |
| | ഡോ. പ്രദീപ്. എസ്.വി. | 21.06.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സുസ്മിത | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. സെക്രട്ടറി | ശ്രീ. ജറാഡ് എം. | 01.04.2018 മുതൽ 10.10.2018വരെ |
| | ശ്രീമതി. ജ്ജൂലി ലോറൻസ് | 11.10.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| | ഭാഗം 1 | | |
|---|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | |
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമ പദ്ധതികൾ | 1-7 | |
| 8 | ക്യാഷ് പരിശോധന | 1-8 | |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 | |
| 12 | കെട്ടിടനിർമ്മാണ പെർമിറ്റ്, രജിസ്റ്റർ സൂക്ഷിപ്പ് എന്നിവയിലെ അപാകത | 1-12 | |
| 13 | വസ്തുനികുതി അപാകതകൾ | 1-13 | |
| 14 | വിമുക്ത ഭടന്മാരുടെ വീടുകൾക്ക് നികുതിയിളവ്-നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-14 | |
| 15 | ചെക്ക് &ഡ്രാഫ്റ്റ് പ്രകാരമുള്ള തുകകൾ നാളിതുവരെ കളക്ഷനായില്ല | 1-15 | |
| 16 | കൊറ്റാമം ചന്ത ലേലം-ലേലനിബന്ധനകൾ പാലിക്കുന്നതിലെ വീഴ്ച | 1-16 | |
| 17 | BSNL മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക അടവാക്കിയിട്ടില്ല - 19,692/- | 1-17 | |
| 18 | തൊഴിൽ നികുതി ഈടാക്കുന്നതലെ അപാകത | 1-18 | |
| 19 | റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, തൊഴിൽനികുതി ഈടാക്കുന്നില്ല. | 1-19 | |
| 20 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. | 1-20 | |
| 21 | കരാർ ചമയ്ക്കുന്നതിനും കരാർ കാലാവധിയിൽ പണി പൂർത്തീകരിക്കുന്നതിനും കാലതാമസം. | 1-21 | |
| 22 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി-പ്രവർത്തനം ക്രിയാത്മകവും കാര്യക്ഷമവുമാക്കേണ്ടതാണ്. | 1-22 | |
| 23 | തൊഴിലാളി ക്ഷേമനിധിവിഹിതം-ഈടാക്കിയില്ല. | 1-23 | |
| 24 | ആയുർവേദാശുപത്രി ഫീഡിംഗ് റൂം നിർമ്മാണം-ലക്ഷ്യം കൈവരിച്ചില്ല. | 1-24 | |
| 25 | ഇ-ടെണ്ടർ ഫാറവില ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. | 1-25 | |
| 26 | എസ്റ്റിമേറ്റുകൾ ശരിയായ പഠനം നടത്താതെ തയ്യാറാക്കുന്നു. | 1-26 | |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിഷ്കരിച്ചിട്ടില്ല. | 1-27 | |
| 28 | അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിച്ചിട്ടില്ല. | 1-28 | |
| 29 | കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു | 1-29 | |
| 30 | ശുചിത്വ കർമ്മ സേന -ലക്ഷ്യം കൈവരിച്ചില്ല | 1-30 | |
| 31 | സർക്കാർ നിർദ്ദേശിച്ചതിലും അധികം തുക | 1-31 | |

| | | | |
|---|---|---|---|
| | സർക്കാരിന്റെ മറ്റൊരു ഹെഡിലേയ്ക്ക് തിരിച്ചടച്ചു | | |
| 32 | വൗച്ചർ പരിശോധയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-32 | |
| 33 | ചെലവ് രേഖകൾ ഹാജരാക്കിയില്ല-ആദായനികുതി ഈടാക്കിയില്ല. | 1-33 | |
| 34 | എം.ആർ.എഫ്.ഷെഡ്ഡിന് സ്ഥലം വാങ്ങൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-34 | |
| 35 | എൻ.ആർ.ജി.എസ്.പദ്ധതി അവലോകനം | 1-35 | |
| 36 | എ.ബി.സി.പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-36 | |
| 37 | അങ്കണവാടി കെട്ടിടനിർമ്മാണം-ഭരണസമിതിയുടെ ഇടപെടൽ അനിവാര്യം | 1-37 | |
| 38 | അങ്കണവാടി കുട്ടികൾക്കുള്ള ന്യൂട്രിമക്സ്-ഗുണനിലവാരം ഉറപ്പാക്കുന്നില്ല. | 1-38 | |
| 39 | ജി.എസ്.ടി.രജിസ്ട്രേഷനില്ലാത്ത ന്യൂട്രിമിക്സ് യൂണിറ്റിന് ജി.എസ്.ടി. തുക നല്കി. | 1-39 | |
| 40 | മരുന്ന് പൂർണമായും ലഭ്യമായില്ല – 39,650/-രൂപ തടസ്സപ്പെട്ടുത്തുന്നു. | 1-40 | |
| 41 | ലൈഫ് പദ്ധതി അപാകങ്ങൾ | 1-41 | |
| 42 | ലൈഫ് പദ്ധതി-ഭവനനിധി രൂപീകരിച്ചില്ല. | 1-42 | |
| 43 | യോഗ പരിശീലനം-സബ്സിഡി മാർഗരേഖ അധികരിച്ച് ചെലവഴിച്ചു. | 1-43 | |
| | ഭാഗം 2 | | |
| | *വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | | |
| 44 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി | 2-1 | |
| 45 | എഗ്രിമെന്റ് വയ്ക്കുന്നതിലെ കാലതാമസം 4,167/-രൂപ ഈടാക്കേണ്ടതാണ്. | 2-2 | |
| 46 | കരാർ കാലാവധി ദീർഘിപ്പിക്കൽ-പിഴ ഈടാക്കിയില്ല. | 2-3 | |
| | ഭാഗം 3 | | |
| | *ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | ഇല്ല | |
| | ഭാഗം 4 | | |
| | *പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും* | | |
| 48 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 | |
| 49 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 50 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| | | | |

| | | | |
|---|---|---|---|
| 52 | വായ്പ / വായ്പാതിരിച്ചടവ് | 4-5 | |
| 53 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 54 | ഓഡിറ്റ് റിക്കവറി | 4-7 | |
| 55 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 | |
| 56 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 | |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 25.03.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2018-19 വാർഷിക ബജറ്റ് 25.3.2019 ൽ പരിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 72 പ്രകാരം വകയിരുത്തിയതിൽ അധികം ചെലവ് ചെയ്യുമ്പോൾ ബജറ്റ് പരിഷ്കരിക്കേണ്ടതാണ്. ഇപ്രകാരം അധികച്ചെലവ് കഴിഞ്ഞു വരുന്ന ആദ്യ കമ്മിറ്റി മീറ്റിങ്ങിൽ ബജറ്റ് പരിഷ്കരിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ഇവിടെ ഏതാനും ഹെഡുകളിൽ അധികച്ചെലവ് നടത്തിയെങ്കിലും തുടർന്നുവന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയില്ല. അതിനുപകരം 2019-20 ബജറ്റ് പാസാക്കിയതിന്റെ ഭാഗമായി ഈ ഹെഡുകളിലെ ബജറ്റ് വകയിരുത്തൽ പരിഷ്കരിച്ചു. ചട്ടപ്രകാരം ഇത്തരത്തിൽ ബജറ്റ് പരിഷ്കരിച്ചാൽ ആ ബജറ്റ് പരിഷ്കരിച്ചതായി കണക്കാക്കുന്നില്ല. ആയതിനാൽ താഴെപ്പറയുന്ന ഹെഡുകളിലെ ബജറ്റ് പരിഷ്കരണം അംഗീകരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ അധികമായി ചെലവഴിച്ച തുക അധികച്ചെലവ് ആയി കാണുന്നു.

| ഇനം | അക്കൗണ്ട് ഹെഡ് | വകയിരുത്തൽ | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| യാത്രാബത്ത | 2102005 | 2,75,000/- | 3,05,230/- | 30,230/- |
| അച്ചടിയും സ്റ്റേഷനറിയും | 2202101 | 1,50,000/- | 1,54,834/- | 4,834/- |
| അസാധാരണ ചെലവുകൾ | 2207101 | 1,10,000/- | 4,60,681/- | 3,50,681/- |

2019-20 ൽ പരിഷ്കരിച്ച ബജറ്റിൽ അധികമായി ചെലവ് നടന്നു.

| ഇനം | അക്കൗണ്ട് ഹെഡ് | വകയിരുത്തൽ | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| പുസ്തകങ്ങളും ആനുകാലികങ്ങളും | 2202001 | 20,000/- | 22,138/- | 2,138/- |
| മറ്റ് ഭരണ ചെലവുകൾ | 2208001 | 2,50,000/- | 2,68,287/- | 18,287/- |
| ഡീസൽ, പെട്രോൾ | 2301002 | 1,50,000/- | 1,62,700/- | 12,700/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (41/28.10.2019) ഭാവിയിൽ സപ്ലിമെന്ററി ബജറ്റ് പാസാക്കി, അതിനുശേഷം മാത്രമേ ചെലവ് ചെയ്യൂ എന്ന് മറുപടി ലഭിച്ചു.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 70,42,527.00 |
| വരവ് | 13,68,05,007.00 |
| ആകെ | 14,38,47,534.00 |
| ചെലവ് | 13,11,15,324.00 |
| നീക്കിയിരുപ്പ് | 1,27,32,210.00 |

# 1-4 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| SBI Own | 7384309 | 65903663 | 73287972 | 66844260 | 6443712 |
| SBI net banking | 6830 | 18048 | 24878 | 5051 | 19827 |
| DCB Own Fund | 220583 | 0 | 220583 | 0 | 220583 |
| Treasury STSB | -36414 | 13718008 | 13681594 | 9583272 | 4098322 |
| SBT WGDP | 1270 | 34 | 1304 | 150 | 1154 |
| Treasury Spl TSB | -780667 | 11046712 | 10266045 | 8391040 | 1875005 |
| SBT MGNREGS | 1957 | 973479 | 975436 | 966384 | 9052 |
| വികസന ഫണ്ട് (ജനറൽ) | 0 | 18617468 | 18617468 | 18617468 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9699000 | 9699000 | 9699000 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 47000 | 47000 | 47000 | 0 |
| ബി ഫണ്ട് | 0 | 1223040 | 1223040 | 1223040 | 0 |
| സി.എഫ്.സി | 0 | 8904000 | 8904000 | 8904000 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 2476000 | 2476000 | 2476000 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 4114000 | 4114000 | 4114000 | 0 |
| കാഷ് | 244659 | 64555 | 309214 | 244659 | 64555 |

| ആകെ | 7042527 | 136805007 | 143847534 | 131115324 | 12732210 |
|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 218033317 | 156 | 110544055 | 26 | 38 | 79% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1957 | 973479 | 975436 | 966384 | 9052 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്* | 0 | 72713384 | 72713384 | 72713384 | 0 |
| **ആകെ** | **1957** | 73686863 | 73688820 | 73679768 | **9052** |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 7,43,040/- | 413 |
| കർഷക തൊഴിലാളി പെൻഷൻ | 1,05,19,200/- | 784 |
| വിധവാപെൻഷൻ | 1,40,17,500/- | 1144 |
| വാർദ്ധക്യകാല പെൻഷൻ | 2,46,70,800/- | 406 |
| വികലാംഗ പെൻഷൻ | 50,93,400/- | 406 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 4,80,000/- | 16 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 2,95,200/- | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 1,023/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന എല്ലാ തപാലുകളും ഫ്രണ്ട് ഓഫീസ് വിതരണ രജിസ്റ്ററിലുൾപ്പെടുത്തി യഥാക്രമം നമ്പർ നല്കി വിതരണ രജിസ്റ്ററിലും തൻ പതിവേടിലും കൈപ്പറ്റ് രസീത് നല്കി ഉൾപ്പെടുത്തിയിട്ടുണ്ട്. ലഭ്യമായ ബോണ്ടുകൾ, വിലപിടിപ്പുള്ളവ, ആധാരങ്ങൾ, ഇവ യഥാവിധി ഫ്രണ്ട് ഓഫീസിലെ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിന് വിവരങ്ങൾ ശേഖരിക്കുന്നതിനും കൈമാറുന്നതിനുമായിട്ടുള്ള മെസേജ് ബുക്ക് 18-19 കാലയളവിൽ പരിപാലിക്കുന്നില്ല. സൗജന്യമായും വിലയീടാക്കിയും നല്കുന്ന ഫോറങ്ങളുടെ വിവരങ്ങൾ ഫ്രണ്ട് ഓഫീസിലെഴുതി പ്രദർശിപ്പിച്ചിട്ടില്ല. ഗ്രാമസഭാ ബോർഡ് ഉൾപ്പെടെയുള്ള സേവന വിവരബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായ മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ മോണിട്ടറിംഗ് സമിതി ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടില്ല. ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. 1/3/2018ലെ പൗരാവകാശരേഖ കാലാനുസൃതമായി പരിഷ്കരിക്കുന്നില്ല. പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടാറുണ്ട്. റെക്കാർഡ് റൂം പരിപാലിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും വിവരങ്ങൾ കാലികമായും കൃത്യതയോടെയും സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളും വളരെ കുറവാണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ആവശ്യകത പല പദ്ധതി രൂപീകരണത്തിലും പാലിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി, അവയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി പ്രോജക്കുകൾ തയ്യാറാക്കേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ വയ്ക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ വർഷം തോറും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ആസ്തികളുടെ സംരക്ഷണം നടത്തുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാത്തതിനാൽ റോഡുകൾ അപ്രോച്ച്റോഡ് ഇല്ലാതെ നിർമ്മാണം അവസാനിക്കേണ്ടതായിട്ടുണ്ട്. വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ കൂട്ടായ്മ ഉണ്ടാവേണ്ടതാണ്. ബജറ്റിലൂടെ സംസ്ഥാനസർക്കാർ അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകളുടെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പിന്റെയും മോണിട്ടറിംഗ് സമിതിയുടെയും പ്രവർത്തനം ഉണ്ടായിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.05.2019 | 4/19, 05/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.2013 മുതൽ 11.01.2013വരെ | 2008-09 മുതൽ 2011-12 വരെ | 13.03.2013 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക ആർ പി 31പ്രകാരം ശുചിത്വമിഷൻ ഗ്രാന്റായി 9,60,000/- രൂപയിൽ 8,24,635/- രൂപ ചെലവഴിച്ചിട്ടുണ്ട്. (പ്രോജക്ട് നം 211/19 – പ്ലാസ്റ്റിക് സംഭരണ കേന്ദ്രം ചെലവ് - 6,64,635/-

രൂപ, മഴക്കാല പൂർവശുചീകരണം ചെലവ് 1,60,000/- രൂപ). എന്നാൽ ശുചിത്വമിഷൻ ഗ്രാന്റിന്റെ ലെഡ്ജർ പ്രകാരം ചെലവ് 9,60,000/- രൂപയാണ്.

ലൈഫ് ഭവനപദ്ധതിയ്ക്കായി ലഭ്യമായ വായ്പയുടെ വിവരങ്ങൾ(മുന്നിരിപ്പ്, വരവ്, ചെലവ് , നീക്കിയിരിപ്പ് ) രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

3. ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചെക്ക്/ഡി ഡി കളുടെ വിശദാംശം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് പണമായി മാറിയ തീയതി, അക്കൗണ്ട് എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4. ഡി.സി. ബി. തനതു അക്കൗണ്ടിൽ ഇടപാടുകളില്ല. നീക്കിയിരിപ്പായി 2,20,583/- രൂപ അവശേഷിക്കുന്ന പലിശയിനത്തിൽ തൻവർഷം വരവ് ലഭിച്ചിട്ടില്ല. നിഷ്ക്രിയ അക്കൗണ്ട് ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കെട്ടിടനിർമാണ പെർമിറ്റ് നൽകൽ, രജിസ്റ്റർ സൂക്ഷിപ്പ് എന്നിവയിലെ അപാകത

കെട്ടിടനിർമാണ പെർമിറ്റ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ൻ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ,വപ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതിനിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിട നിർമാണ പെർമിറ്റ്, നമ്പറിംഗ്എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്യുന്നത്.

2. കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല (പെർമിറ്റ് ഫീസിന്റെ വിശദാംശങ്ങൾ, പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നിരസിച്ചിട്ടുണ്ടെങ്കിൽ ആയത് മുതലായവ). കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

3. അനധികൃത കെട്ടിട നിർമാണം സംബന്ധിച്ച രജിസ്റ്റർ മാനുവലായി തയാറാക്കിയിട്ടുണ്ടെങ്കിലും ആയത് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 47 കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആകെ 17 കെട്ടിടങ്ങൾക്കാണ് UA രജിസ്റ്ററിൽ ഉൾപ്പെടുത്തി നമ്പറിംഗ് നൽകിയിട്ടുള്ളത്.

1/UA2 (മഹേശ്വരി എസ്, നടൂർക്കൊല്ല) കെട്ടിടം demolish ചെയ്തിട്ടുണ്ട്. (സഞ്ചയ പ്രകാരം ). എന്നാൽ UA രജിസ്റ്ററിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല.

4. 2018-19 കാലയളവിൽ കെട്ടിടനിർമാണം ക്രമവത്ക്കരിച്ച് നൽകിയ ചുവടെ ചേർക്കുന്ന കെട്ടിടത്തിന് റെഗുലറൈസേഷൻ ഫീ കുറവ് ഈടാക്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട ത്തിന്റെ വിസ്തീർണം ($m^2$) | റെഗുലറൈ സേഷൻ ഫീസ് ഈടാക്കിയത് | ഈടാ ക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | A3/6961/18 dated 23.10.18 | കമലം കെ | 125.14 | 751 | 1126.26 | 375 |

2018-19 വർഷം പെർമിറ്റിനായി 95 അപേക്ഷകൾ ലഭിച്ചതിൽ 72 എണ്ണത്തിന് പെർമിറ്റ് അനുവദിക്കുകയും 23എണ്ണം നിരസിക്കുകയോ, അപാകതപരിഹരിക്കുന്നതിനായി അറിയിപ്പ് കത്ത് നൽകുകയോ ചെയ്തിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം 20 തീയതി 25.10.2019)

സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ. വ തീയതി പ്രകാരം 2.12.2015 ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കെട്ടിടനിർമാണ പെർമിറ്റ്, നമ്പറിംഗ് തുടങ്ങിയ നടപടിക്രമങ്ങൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 വസ്തു നികുതി അപാകതകൾ

**(എ) പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ)ചട്ടങ്ങൾക്ക് വിരുദ്ധമായി 64,668/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കി**

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം (I-18) വസ്തുനികുതി (നോൺ റസിഡൻഷ്യൽ) ഇനത്തിൽ 64,668/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇത്രയും തുക ഡിമാന്റിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം, ഒഴിവാക്കൽ അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയില്ല. 1998ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയാണ് 64,668/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത്.

**(ബി) ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല**

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 9729 കെട്ടിടങ്ങളുടെ ഡാറ്റാപ്യൂരിഫൈ ചെയ്തിരിക്കുന്നു. പ്യൂരിഫിക്കേഷന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/19) ബഹു.പഞ്ചായത്ത് ഡയറക്ടറുടെ മാർഗനിർദ്ദേശ പ്രകാരം ഫീൽഡ്തല പരിശോധന നടത്തിയാണ് ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി.

എന്നാൽ ഇപ്രകാരം ഫീൽഡ് തല പരിശോധന നടത്തിയതിന്റെ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഡാറ്റാപ്യൂരിഫിക്കേഷൻ മുഖേന സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിട നികുതി ഡിമാന്റിൽ വരുത്തിയ മാറ്റങ്ങളുടെ നിജസ്ഥിതി പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

**(സി) വാണിജ്യവാശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നു.**

(i)2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

എന്നാൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ, സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഹോട്ടൽ, ഗോഡൗൺ" എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ കെട്ടിടത്തെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഹോട്ടൽ, ഗോഡൗൺ. എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കേണ്ടിയിരുന്നത് (ഫോം 6). കൂടാതെ ഒരേ ഉടമസ്ഥന്റെ കെട്ടിടത്തിന് റൂമുകൾ തിരിച്ചാണ് കെട്ടിട നമ്പർ രേഖപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നത്. ഇതുകാരണം പഞ്ചായത്തിന് തനതുവരുമാനമിനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു. വിശദാംശം ഭാഗം2 ഖണ്ഡിക 2-1ൽ കാണുക.

(II) IX, X എന്നീ വാർഡുകളുടെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഴയ കെട്ടിടങ്ങളെയും മുകളിൽ സൂചിപ്പിച്ച

പ്രകാരം തെറ്റായി ഡാറ്റാ എൻട്രി നടത്തി കുറഞ്ഞനിരക്കിലാണ് (ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കിൽ) വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.

ചില ഉദാഹരണങ്ങൾ ചുവടെ

(1)

| ക്രമ നം | വാർഡ്/കെട്ടിട നം | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം | ആകെ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | XIV/473 | ജലജ ബി.എസ്, രജനീഷ് ബിൽഡിംഗ്, ഉദിയൻകുളങ്ങര | 109.8 | 292.2$m^2$ |
| | XIV/474 | | 60.8 | |
| | XIV/475 | | 60.8 | |
| | XIV/476 | | 60.8 | |
| 2 | XIV/3 | രാജേന്ദ്രൻ, ആർ ജെ ഭവൻ, ധനുവച്ചപുരം അമരവിള | 13.2 | 120.78$m^2$ |
| | XIV/5 | | 67.98 | |
| | XIV/6 | | 9.9 | |
| | XIV/7 | | 9.9 | |
| | XIV/8 | | 9.9 | |
| | XIV/9 | | 9.9 | |
| 3 | XIV/194 | ഷൈജു എം.ജെ, വൃന്ദാവനം, ഉദിയൻകുളങ്ങര | 26.25 | 125.42$m^2$ |
| | XIV/195 | | 99.17 | |
| 4 | X/124 | സനൽകുമാർ, റോസ് കോട്ടേജ്, ധനുവച്ചപുരം | 56.4 | 134.71$m^2$ |
| | X/125 | | 12.21 | |
| | X/126 | | 14.1 | |
| | X/127 | | 12 | |
| | X/128 | | 12 | |
| | X/129 | | 12 | |
| | X/130 | | 16 | |

പഞ്ചായത്തിൽ മേൽക്കാണിച്ചപ്രകാരം നികുതി അസസ് ചെയ്തിരിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരം പരിശോധിച്ച് നികുതി പുനർ നിർണയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 വിമുക്തഭടൻമാരുടെ വീടുകൾക്ക് നികുതിയിളവ്- നടപടിക്രമങ്ങൾ പാലിക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

വിമുക്തഭടൻമാരുടെ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി സ.ഉ.(കൈ) നം 106/17 ത.സ്വ.ഭ.വ. തീയതി 26.05.2017പ്രകാരം സർക്കാർ മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, സഞ്ചയയിൽ നിന്നുള്ള 2018-19ലെ വസ്തുനികുതി ഒഴിവാക്കി നൽകിയ ലിസ്റ്റ്, വിമുക്തഭടൻമാരുടെ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്ക് പ്രകാരം 2018-19 ൽ വിമുക്തഭടൻമാരുടെ വീടുകളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ മറുപടി പ്രകാരം 2018-19 സാമ്പത്തിക വർഷം ആകെ 106 പേർക്ക് ഈയിനത്തിൽ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട് (നം 28/19). എന്നാൽ മുഴുവൻ അപേക്ഷകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സഞ്ചയപ്രകാരം തൻവർഷം വസ്തുനികുതിയിളവ് ആകെ 270 പേർക്ക് നൽകിയിരിക്കുന്നു. സഞ്ചയയിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ സാങ്കേതിക പ്രശ്നം കാരണമാണ് ഇപ്രകാരമുള്ള വ്യത്യാസം കാണുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി (നം. 28/19).

  അനർഹരായവർ ഉണ്ടോയെന്ന് പരിശോധിക്കാതെ ഇളവ് നൽകുന്നത് വരുമാനച്ചോർച്ചയ്ക്ക് കാരണമാകുന്നു.

- കെട്ടിടനികുതി ഇളവിന് അർഹരായവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപേക്ഷകളിൽ ഏതു വർഷത്തേയ്ക്കാണ് ഇളവ് അനുവദിക്കുന്നത് എന്ന വിവരം രേഖപ്പെടുത്തുന്നില്ല (ഉദാ - ശ്രീ ജെ.എ സജികുമാറിന്റെ 29.03.2019 ലെ അപേക്ഷപ്രകാരം ഏതു വർഷത്തേയ്ക്കാണ് ഇളവ് അനുവദിച്ചതെന്ന് വ്യക്തമല്ല ( ബി4-2654/19 തീയതി 29.03.2019) )

- അപേക്ഷകൾ പരിശോധിച്ചതിൽ പെൻഷൻബുക്ക്/ഡിസ്ചാർജ്ജ് ബുക്കിൽ തദ്ദേശ സ്വയം ഭരണമേധാവികൾ വസ്തുനികുതി ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് നം/തീ. എന്നിവ രേഖപ്പെടുത്തി സ്ഥാപനമുദ്ര പതിപ്പിച്ചു നൽകിയതായി കാണുന്നില്ല.

- പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതും അധിക ഏരിയക്ക് നികുതി കണക്കാക്കി ഈടാക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. അപേക്ഷകൾ ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

- സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരം, വസ്തുനികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ പ്രത്യേക പരിശോധനനടത്തിയതായ രേഖകൾ ലഭ്യമല്ല.

  കമ്മിറ്റിയുടെ അംഗീകാരമില്ലാതെ നികുതിയിളവ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സ.ഉ. (കൈ) നം. 106/17 ത.സ്വ.ഭവ. തീയതി 26.05.2017ലെ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് ഒഴിവാക്കൽ നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതിചോർച്ച ഒഴിവാക്കുന്നതിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-15 ചെക്ക്/ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരമുള്ള തുക രണ്ടുവർഷമായിട്ടും കളക്ഷനായില്ല- തനത് ഫണ്ടിന് നഷ്ടം

എസ്.ബി.ഐ. തനത് ഫണ്ട് മാർച്ച് 2019 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque deposited but not collected എന്നയിനത്തിൽ മൂന്ന് ചെക്കുകൾ നാളിതുവരെ കളക്ഷനായിട്ടില്ല. വിശദാംശം ചുവടെ.

| ക്രമ നം | ഡി.ഡി/ചെക്ക് നം | തീയതി | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | 171326/SBI ധനുവച്ചപുരം | 30.11.2017 | 72,234/- | |
| 2 | 986590/ ധനലക്ഷ്മി ബാങ്ക് | 18.08.17 | 5,000/- | തൊഴിൽ നികുതി (ചെക്ക് ആന്റ് ഡി ഡി രജിസ്റ്റർ പ്രകാരം |
| 3 | ലഭ്യമല്ല | 13.11....... | 1,73,044/- | |
| **ആകെ** | | | **2,50,278/-** | |

(എ) ഇതിൽ ക്രമ നം. 1 പ്രകാരമുള്ള ഡിമാന്റ് ഡ്രാഫ്റ്റ് X/371 എന്ന കെട്ടിടത്തിന്റെ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിച്ചതാണ്. പ്രസ്തുത തുക വരവായി 30.11.2017ൽ സാംഖ്യ, സഞ്ചയ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക നാളിതുവരെ ബാങ്കിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

അടിയന്തിരമായി തുക ക്രെഡിറ്റ് ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട് (നം.9/19).

(ബി) ക്രമ നം.2 പ്രകാരമുള്ള 5,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ചെക്ക് ആന്റ് ഡി.ഡി. രജിസ്റ്ററിൽ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സാംഖ്യയിൽ കാൻസലേഷൻ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 കൊറ്റാമം പൊതുചന്ത ഗേറ്റ് ഫീസ് പിരിവ് ലേലം - സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല- നഷ്ടപരിഹാരം ഈടാക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ കൊറ്റാമം പൊതുചന്തയിൽ 2019-20 വർഷം ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിനായി 18.02.2019 ൽ സെക്രട്ടറി ലേല പരസ്യം നൽകുകയും, (കത്ത് നം.എ3-467/19) 28.02.2019 തീയതി 11മണിയ്ക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ലേലം നടക്കുകയും, ഏറ്റവും കൂടിയ തുക വിളിച്ച ശ്രീ. അജയൻ, തുണ്ടുവിള, പുത്തൻവീട് പരശുവയ്ക്കൽ എന്ന വ്യക്തിയുടെ ലേലം താത്കാലികമായി അംഗീകരിക്കുകയും ചെയ്തു (93,100/- രൂപ). തുടർന്ന് 02.03.19 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 18-ാം നമ്പർ തീരുമാനപ്രകാരം ശ്രീ. അജയന് 2019-20 കാലയളവിലേക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുണ്ട്.

ലേല നിബന്ധനകൾ പ്രകാരം "ചന്ത ഗേറ്റ് ഫീസ് പിരിവിന് ലേലത്തിൽ പങ്കെടുക്കുന്നവർ ലേലതുകയിൽ കുറയാതെയുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ലേലത്തിന് മുൻപായി ഹാജരാക്കേണ്ടതും കൂടുതൽ തുക ലേലം വിളി കേൾക്കുന്ന ആളിന്റെ പേരിൽ താത്കാലികമായി ലേലം സ്ഥിരപ്പെടുത്തുന്നതും ലേലത്തുകയുടെ മൂന്നിലൊന്ന് തുക ഉടൻ തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ച് ഏഴു ദിവസത്തിനകം 200/- രൂപ മുദ്രപ്പത്രത്തിൽ കരാർ എഴുതി സമർപ്പിക്കേണ്ടതും ബാക്കി തുക രണ്ട് തുല്യ ഗഡുക്കളായി പഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതുമാണ്. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ ലേലതുക ഒന്നായി ഉടനെ തന്നെ അടയ്ക്കേണ്ടതുമാണ്.

ലേലസംഖ്യയുടെ മൂന്നിലൊന്ന് തുക 36,580/- രൂപ (ജി.എസ്.റ്റി. ഉൾപ്പെടെ) 05.03.2019 ൽ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ലേലനിബന്ധനകൾ അനുസരിച്ച് ശ്രീ. അജയനുമായി നിയമപ്രകാരമുള്ള കരാർ വയ്ക്കുകയും, സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ലേലവുമായി ബന്ധപ്പെട്ട ഫയലിൽ കൊറ്റാമം പൊതുചന്തയിലെ ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം പുനർ ലേലം ചെയ്തതായും ശ്രീമതി. ശോഭ എന്നയാൾക്ക് 40,500/- രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകിയതായും കാണുന്നു. ശ്രീ. അജയൻ ലേലത്തുകയുടെ മൂന്നിലൊന്ന് തുകമാത്രമേ അടവാക്കിയിട്ടുള്ളുവെന്നും ബാക്കി തുക അടക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പുനർലേലം ചെയ്യുകയാണുണ്ടായതെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/23.10.2019) സെക്രട്ടറി മറുപടി ലഭ്യമാക്കി.

എന്നാൽ ശ്രീ. അജയനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. സോൾവൻസിയോ ബാങ്ക് ഗ്യാരണ്ടിയോ വാങ്ങാതിരുന്നതിനാലാണ് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക യഥാസമയം ഈടാക്കുവാൻ കഴിയാതെ പോയത്. നഷ്ടപരിഹാരം ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-17 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി അടവാക്കിയിട്ടില്ല- കുടിശ്ശിക 19,692/- രൂപ

ജി.ഒ. (എം.എസ്) നം.113/2009/ത.സ്വ.ഭ.വ തീയതി, 02/01/2009-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊബൈൽ ടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കാൻ നിഷ്കർഷിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളുള്ളതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിടം നം. | മൊബൈൽ ടവർ | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| IV/277 | സബ് ഡിവിഷണൽ എഞ്ചിനീയർ, മൊബൈൽ ടവർ, ബി.എസ്.എൻ.എൽ, മലയിക്കട | 19,692/- | 2013 ആദ്യ പകുതി മുതൽ 2019 രണ്ടാം പകുതി വരെ |

കുടിശ്ശിക വസ്തുനികുതി സമയബന്ധിതമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-18 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1. രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ രജിസ്റ്ററുകൾ യഥാവിധി തയാറാക്കി സൂക്ഷിക്കുന്നില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽനികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടുള്ളത്. കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിനായിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 5മാതൃകയിൽ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്ക് വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

II) ജീവനക്കാരിൽ നിന്നും 2018-19വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് (2018-19) |
|---|---|---|
| 1 | എം.പി.സി.എസ്. കൊക്കിടിയിൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | എം.പി.സി.എസ്. മഞ്ചവിളാകം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | എം.പി.സി.എസ് പൂവത്തൂർ | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷങ്ങൾ |
| 4 | എം.പി.സി.എസ്. പറക്കോട്ടുകോണം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | ഉദിയൻകുളങ്ങര വിമലഹൃദയ സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ബി പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്ന എല്ലാ വ്യക്തികൾക്കും ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി പിരിച്ചെടുക്കേണ്ടതാണ്. തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ മാർഗനിർദേശങ്ങൾ നൽകേണ്ടതാണ്.

# 1-19 റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല- ലൈസൻസ് നൽകിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകൾ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 13റേഷൻ കടകളും, ഒരു കല്യാണ മണ്ഡപവും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനോ, സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനോ പഞ്ചായത്ത് നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. ആവശ്യമായ മേൽനടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

# 1-20 ട്രഡേഴ്സ് ലിസ്റ്റ് തയാറാക്കിയിട്ടില്ല

തദ്ദേശസ്ഥാപനത്തിൽ അർപ്പിതമായ ബാദ്ധ്യത നിറവേറ്റുന്നതിനും ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതാക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ലിസ്റ്റ് പൂർണമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 4.06.2018 ലെ III-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ 100% ലൈസൻസ് ഫീ പിരിക്കുന്നതിനും ആയതിന്റെ ഭാഗമായി പഞ്ചായത്തിനുള്ളിലെ സമ്പൂർണ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ഉൾപ്പെടുന്ന ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കി മുഴവൻ പേർക്കും FTEAOS ലൈസൻസ് നൽകുന്നതിനോ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള മുഴവൻ കെട്ടിട ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

2018-19 സാമ്പത്തിക വർഷം ആകെ 187 കടകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത് .

# 1-21 കരാർ ചമയ്ക്കുന്നതിനും കരാർ കാലാവധിയിൽ പണി പൂർത്തീകരിക്കുന്നതിനും കാലതാമസം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കാലാവധി ദീർഘിപ്പിക്കലിനും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി കരാർ ചമയ്ക്കുന്നതിലെ കാലതാമസത്തിനും പി.ഡബ്ളിയു.ഡി. മാനുവലിലെ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 2.2 കാണുക.

# 1-22 ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം ക്രിയാത്മകവും കാര്യക്ഷമവുമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തിലെ നികുതി, നികുതി അപ്പീൽ മുതലായ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എല്ലാമാസവും യോഗം ചേരുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതിചോർച്ച ഒഴിവാക്കുന്നതിനും ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുന്നില്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 4.06.2018 ലെ III-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ 100% ലൈസൻസ് ഫീ പിരിക്കുന്നതിനും ആയതിന്റെ ഭാഗമായി പഞ്ചായത്തിനുള്ളിലെ സമ്പൂർണ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറിക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ട്രേഡേഴ്സ് ലിസ്റ്റ് സമ്പൂർണ്ണമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതാക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ലിസ്റ്റ് പൂർണമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ് (ഖണ്ഡിക കാണുക).

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് ബുക്ക് പ്രകാരം ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾക്ക് വാടക ഒഴിവാക്കി നൽകാനോ, പൊളിഞ്ഞുപോയ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കാനോ, വിമുക്തഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കാനോ തൻവർഷം തീരുമാനമെടുത്തിട്ടില്ല. എന്നാൽ സഞ്ചയ പ്രകാരം കമ്മിറ്റി അംഗീകാരമില്ലാതെ ധാരാളം കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുണ്ട്.

നികുതിവരവിനത്തിൽപ്പെടുന്ന ലേലത്തിന്റെ നടപടിക്രമങ്ങൾ പാലിക്കുന്നതിലും ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയിട്ടുണ്ട്.

തനതുവരവിനങ്ങൾ കൃത്യമായും സമയബന്ധിതമായും പിരിച്ചെടുത്ത് പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും നികുതിച്ചോർച്ച ഒഴിവാക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

# 1-23 തൊഴിലാളി ക്ഷേമനിധി വിഹിതം -ഈടാക്കിയില്ല

പ്രോജക്ട് നം, പേര് -എസ്.ഒ. 181/19 തച്ചംവിള-കാടനടപ്പാത നിർമ്മാണം

എസ്.സി.പി.ഫണ്ട് - 2,50,000/-

ബ്ലോക്ക് വിഹിതം -6,52,800/-
എം. ബുക്ക് നം.48/17-18
പി.എ.സി. – 7,38,941/-

ബിൽ നം. -01/18-19 /26.5.18,/86141.

ചെക്ക് നം.,തിയതി, തുക – 21800281/24.5.18, 6,52,800/-

കരാറുകാരൻ -ശ്രീ. ഡി.സ്റ്റീഫൻ.

വർക്ക് ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടക്കേണ്ട തൊഴിലാളി ക്ഷേമനിധി വിഹിതം, മേൽ പറഞ്ഞ

ബില്ലിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 32 ന് തുക ഈടാക്കിയിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. നിയമാനുസൃതം ഈടാക്കേണ്ട 7,389/-രൂപ ഈടാക്കി വെൽഫയർ ഫണ്ടിലടവാക്കേണ്ടതാണ്.

## 1-24 ആയുർവേദ ആശുപത്രി ഫീഡിംഗ് റൂം നിർമ്മാണം-- ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം. 147/19

അടങ്കൽ -2,00,000/-

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് - 1,84,789/-

ബിൽ നം. -67/18-19 dtd 18/3/19

ആയുർവേദ ആശുപത്രിയിൽ ഫീഡിംഗ് റൂം പ്രോജക്ട് പ്രകാരം നിർമ്മാണം പൂർത്തിയായത് ദീർഘ ചതുരാകൃതിയിലെ ഒറ്റ മുറിയുള്ള ഭാഗമാണ്. വലിയ ഹാളിനോട് ചേർന്ന ഈ ഫീഡിംഗ് റൂമിന്റെ ഒരു ഭാഗം ഗ്രിൽ ചെയ്ത തുറന്ന വെന്റിലേഷനാണ്. ഫീഡിംഗ് റൂമിന് അത്യാവശ്യം വേണ്ട സ്വകാര്യത ഇല്ലാതെയാണ് ഫീഡിംഗിനായി റൂം പണികഴിപ്പിച്ചിട്ടുള്ളത്. ഈ പ്രോജക്ട് നിർദ്ദേശം ഗ്രാമസഭയിലെ മിനിട്സിലുൾപ്പെട്ടിട്ടില്ല. സ്ഥലപരിശോധനയിൽ ഈ മുറിയിൽ മരാമത്ത് പ്രവൃത്തികളുടെ സാധനങ്ങൾ സൂക്ഷിക്കുന്നതായാണ് കാണാനായത്. 27/2/2019ൽ പണി പൂർത്തീകരിച്ച ഈ പ്രോജക്ടിൽ പ്രതീക്ഷിത ലക്ഷ്യം കൈവരിച്ചതായും, വിഭാവന ചെയ്ത എല്ലാ പ്രവർത്തനങ്ങളും നടന്നതായും, നിർവഹണം കാര്യക്ഷമവും ഗുണനിലവാരമുള്ളതാണെന്നുമുള്ള പ്രസിഡന്റിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഉണ്ട്.

ജനങ്ങളുടെ ആവശ്യകത പരിഗണിച്ച് പ്രോജക്ടുകൾ വിഭാവന ചെയ്ത് നടപ്പിലാക്കി ലക്ഷ്യം കൈവരിക്കേണ്ടതാണ്. ഫീഡിംഗ് റൂമിന്റെ വെന്റിലേഷൻ ഭാഗത്ത് അത്യാവശ്യം വേണ്ട സ്വകാര്യത ഒരുക്കേണ്ടതും റൂം ആയുർവേദാശുപത്രിക്ക് കൈമാറേണ്ടതുമാണ്.

## 1-25 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല

2015-16 സാമ്പത്തിക വർഷം മുതലുള്ള ഇ-ടെണ്ടർ പ്രവൃത്തികളിൽ നിന്നും 83,068/-രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ഇ-ടെണ്ടർ തുക തിരികെ ലഭിക്കുന്നതിന് വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

| വർഷം | ഇ-ടെണ്ടർ തുക |
|---|---|
| 2015-16 | 27,846/- |
| 2016-17 | 8,532/- |
| 2017-18 | 37,390/- |
| 2018-19 | 9,300/- |

## 1-26 എസ്റ്റിമേറ്റുകൾ ശരിയായ പഠനം നടത്താതെ

## തയ്യാറാക്കുന്നു

തൻവർഷം അംഗീകാരം ലഭിച്ച മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി തയ്യാറാക്കിയ പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു.

ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(p)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ല്യൂ.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ ഉദാഹരണമാണ്.

## 1-27 ആസ്തി രജിസ്റ്റർ കാലികമാക്കി പരിഷ്കരിച്ചിട്ടില്ല-

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി, പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 255/2013ത.സ്വ.ഭ.വ. തീയതി 18.07.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആസ്തികൾ സചിത്രയിലാക്കിയിട്ടില്ല. ഇപ്രകാരം സചിത്രയിലാക്കി കാലികമാക്കാത്തത് പദ്ധതി ആവിഷ്കരണസമയത്ത് സമഗ്ര അവലോകനത്തെ ബാധിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ ആസ്തികൾ വിട്ടുപോകുന്നതിനും കാരണമാകുന്നു. 23 കുടിവെള്ള പദ്ധതികളിൽ ഒരെണ്ണം മാത്രമെ ആസ്തിരജിസ്റ്ററിലുൾപ്പെട്ടിട്ടുള്ളൂ.

കൂടാതെ 2016-17 ലെ ഫിനാൻസ് കമ്മീഷൻ ഗ്രാന്റും നബാർഡ് ഗ്രാന്റും ഉപയോഗിച്ച് 2017-18 പണി പൂർത്തീകരിച്ച അംഗൻവാടികളായ പനയമ്മൂല, പരുത്തിവിള, എസ്.സി. കമ്മ്യൂണിറ്റി ഹാൾ, ധനശ്രീ ഓഡിറ്റോറിയം, എന്നിവിടങ്ങളിലെ കറണ്ട് കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾ സൃഷ്ടിക്കുന്നതിന് മാത്രമല്ല സംരക്ഷിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ അനിവാര്യമാണ്.

## 1-28 അവസ്ഥാരേഖ (Status Report) കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനു മുന്നോടിയായി തദ്ദേശ ഭരണസ്ഥാപനം ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. 1/3/2017 ലാണ് അവസ്ഥാരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും സമന്വയിപ്പിച്ച് അവസ്ഥാവിശകലനം നടത്തണം. അവസ്ഥാവിശകലനത്തിൽ നിന്നും ബന്ധപ്പെട്ട വികസനമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതാണ് (ഫോറം3).

തുടർന്ന് അവസ്ഥാവിശകലനത്തെ അവലംബമാക്കി ഓരോ വികസനമേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ,

അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാരേഖ തയ്യാറാക്കി തദ്ദേശഭരണസ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്. അവസ്ഥാരേഖയിൽ ലക്ഷ്യങ്ങൾ രണ്ടു രീതിയിൽ നിർവ്വചിക്കണം. ഒന്നാമതു വേണ്ടത് വികസനമേഖലയിലെ ദീർഘകാല ലക്ഷ്യങ്ങൾ അഥവാ കാഴ്ചപ്പാട് വ്യക്തമാക്കുക എന്നതാണ്. 2030-ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രമിക്കണം എന്നാണ് വ്യക്തമാക്കേണ്ടത്. രണ്ടാമത് 13-ാം പദ്ധതിയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങളും അവശേഷിക്കുന്ന വർഷങ്ങളിൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൂടുതൽ കൃത്യതയോടെ നിർവ്വചിക്കുകയാണ് വേണ്ടത്.

മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം4ലും തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/നടപ്പിലാക്കിവരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം5ലും തയ്യാറാക്കി അവസ്ഥാരേഖയുടെ ഭാഗമാക്കേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഫോറം 5 തയ്യാറാക്കിയിട്ടില്ല.

അവസ്ഥാ രേഖ തയ്യാറാക്കിയതിൽ നിരവധി പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടത്.

2.ഫോറം3ൽ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ രൂപീകരിച്ചതിന് കൃത്യതയുണ്ടായിട്ടില്ല.

3.അവസ്ഥാരേഖയിൽ ഫോറം5 ഉൾപ്പെട്ടുകാണുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ ഗ്രാമസഭയിലെ നിർദ്ദേശങ്ങൾക്കനുസൃതമായ പ്രോജക്ടുകൾ വന്നിട്ടില്ല. കൂടാതെ നടപ്പിലാക്കിയ പ്രോജക്ടുകൾ മിക്കതും ഗ്രാമസഭ നിർദ്ദേശമായി വരാത്തവയാണ്.

ഉദാ -കുന്നുവിള ക്ഷേത്രം ഇന്റർലോക്ക്.

- ആയുർവേദ ആശുപത്രിയിലെ ഫീഡിംഗ് റൂം

ആവശ്യകത കൃത്യമായി നിർണ്ണയിച്ചാൽ മാത്രമെ തദനുസൃതമായ പ്രോജക്ടുകൾ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് ആവിഷ്കരിക്കാനും ഗുണഭോക്താക്കളിൽ എത്തിച്ച് ലക്ഷ്യം കൈവരിക്കാനുമാവുകയുള്ളൂ.

അവസ്ഥാരേഖ തയ്യാറാക്കിയതിൽ സംഭവിച്ചിട്ടുള്ള പാളിച്ച, പദ്ധതിയുടെ ഓരോഘട്ടത്തേയും ബാധിക്കുന്നതാണ്. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 1-29 കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ 181 പദ്ധതികളിൽ 129 പദ്ധതികളും റോഡ് പ്രവൃത്തികളാണ്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമല്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ടതുമാണ്.

# 1-30 ശുചിത്വ കർമ്മ സേന -ലക്ഷ്യം കൈവരിച്ചില്ല.

പ്ലാസ്റ്റിക്ക് വിമുക്തപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്ത് പരിധിയിലെ വീടുകളിൽ നിന്നും കഴുകി ഉണക്കിയ പ്ലാസ്റ്റിക്ക് ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്തിന് കൈമറുന്നതിന് വേണ്ടിയാണ് പദ്ധതി രൂപീകരിച്ചത്. അതിനായി ഓരോ വാർഡിലും 2 പേർ എന്ന രീതിയിൽ 16 വാർഡുകളിലായി 32 പേർ

അടങ്ങുന്ന ഹരിത കർമ്മസേന രൂപീകരിച്ചു. കൂടാതെ 16 വാർഡുകളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി 4 സൂപ്പർവൈസർമാരെയും നിയമിച്ചു. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ഓണറേറിയം നൽകുന്നതിനും തിരിച്ചറിയൽ കാർഡ്, കൈയ്യുറകൾ, യൂണിഫോം മുതലായവയ്ക്കായും പ്ലാസ്റ്റിക്ക് ശേഖരിച്ച് ശേഖരണശാലയിൽ എത്തിക്കാൻ വാടകയ്ക്ക് വാഹനവും നൽകാൻ പദ്ധതിയിൽ തുക വകയിരുത്തിയിരുന്നു. ശുചിത്വ കർമ്മസേനയ്ക്ക് പ്ലാസ്റ്റിക്ക് കൈമാറുന്ന ഓരോ വീട്ടിൽ നിന്നും 60/-രൂപ വീതം ഫീസ് ഈടാക്കാനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. അതിനായി രസീത് ബുക്കുകൾ പ്രിന്റ് ചെയ്യുകയും ചെയ്തു. 27-11-18 മുതൽ 31-3-19 വരെ 46,270/-രൂപ ശുചിത്വ കർമ്മസേനയുടെ ബാങ്ക് അക്കൗണ്ടിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് എങ്ങനെ നിർമാർജനം ചെയ്യുന്നുവെന്ന് ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ് 13/19 ന് നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. നൽകിയ മറുപടിയിൽ നിലവിൽ ശേഖരിച്ച പ്ലാസ്റ്റിക് പഞ്ചായത്തിലെ താൽക്കാലിക മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, ആയത് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതാണെന്നും എന്നാൽ ബോക്ക് പഞ്ചായത്ത് പ്ലാസ്റ്റിക്ക് ഷ്രെഡിങ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ശേഖരിച്ച പ്ലാസ്റ്റിക് നീക്കം ചെയ്തിട്ടില്ലായെന്നും അറിയിച്ചു.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.

1.പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടില്ല.

2.ശുചിത്വ കർമ്മ സേനാംഗങ്ങൾക്ക് പ്ലാസ്റ്റിക്ക് ശേഖരിക്കുന്നതിനായി ആവശ്യമുള്ള കൈയ്യുറകൾ, ചണനൂൽചാക്കുകൾ തുടങ്ങിയവ നൽകിയില്ല.

3.പഞ്ചായത്തിലെ 16 വാർഡുകളിലും ശുചിത്വ കർമ്മ സേനാഗംങ്ങളുടെ സേവനം വ്യാപിപ്പിട്ടില്ല. 2,51,255/- രൂപ ചെലവഴിച്ച് ക്ലീൻ കേരള പദ്ധതി, ഹരിത കേരള തുടങ്ങിയ പദ്ധതികളുടെ ചുവട് പിടിച്ച് പഞ്ചായത്തിനെ പ്ലാസ്റ്റിക് വിമുക്തമാക്കാൻ ആരംഭിച്ച പദ്ധതി പൂർണ്ണതോതിൽ വിജയിപ്പിക്കാൽ പഞ്ചായത്തിന് സാധിച്ചില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-31 സർക്കാർ നിർദേശിച്ചതിലും അധികം തുക സർക്കാരിന്റെ മറ്റൊരു ഹെഡിലേക്ക് തിരിച്ചടച്ചു

പദ്ധതി : അഡീഷണൽ ഓണറേറിയം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നം : 11 തീയതി : 22.03.2019 തുക : 9,42,583/-

സർക്കാർ ഉത്തരവ് പ്രകാരം അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും 6 മാസത്തെ പ്രതിഫലം - 6,13,200/- രൂപ, അഡീഷണൽ ഓണറേറിയം ഇനത്തിൽ "2235-02-102-05-Deduct Amount transferred from Development Fund towards Honararium & Allowances of Anganawadi Workers and Helpers (NP) " ഹെഡിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം നൽകുന്നതിനായി 9,42,583/-രൂപ അടങ്കൽ ആയി പദ്ധതി തയ്യാറാക്കിയിരുന്നു. സർക്കാർ ഉത്തരവ് അംഗീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി അടങ്കൽ തുക മുഴുവനും സർക്കാറിലേക്ക് തിരിച്ചടച്ചു. സർക്കാർ ആവശ്യപ്പെട്ടതിലും അധികം തുക 3,29,383/-രൂപ സർക്കാറിലേക്ക് തിരിച്ചടച്ചു കൂടാതെ സർക്കാർ നിർദ്ദേശിച്ചിരുന്ന ഹെഡിൽ നിന്നും വ്യതിചലിച്ച് മറ്റൊരു ഹെഡിലേക്ക് ("2235-02-102-05") തുക തിരിച്ചടച്ചു. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

താഴെ പറയുന്ന വൗച്ചറുകളുടെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ | വൗച്ചർ നം./തീയതി | തുക | ചെലവിനം |
|---|---|---|---|

| നം. | | | |
|---|---|---|---|
| 1 | 21800263/22.06.2018 | 1,60,000/- | വാർഡ്തല ശുചീകരണം |
| 2 | 21800100/27.04.2018 | 7,500/- | വിമുക്തി സെമിനാർ |
| 3 | 21800852/06.02.2019 | 24,000/- | പഞ്ചായത്ത് ദിനാഘോഷം |
| 4 | 21800890/25.02.2019 | 3,500/- | നോട്ടീസ് പ്രിന്റിംഗ് |
| 5 | 21800824/28.01.2019 | 10,000/- | കിണർ പുനരുദ്ധാരണം (എസ്റ്റിമേറ്റ്) |
| 6 | 21800379/31.07.2018 | 9,801/- | കാട്ടുകുളം പുനരുദ്ധാരണം (എസ്റ്റിമേറ്റ്) |
| 7 | 21800326/7.7.18 | 8,500/- | മരംമുറിക്കൽ<br>(വാല്യുവേഷൻ, ലേല വിവരങ്ങൾ) |
| | ആകെ | 2,23,301/- | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (23/24.10.2019) മറുപടി ലഭിച്ചില്ല. ആയതിനാൽ 2,23,301/-രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-33 ചെലവ് രേഖകൾ ഹാജരാക്കിയില്ല, ആദായ നികുതി ഈടാക്കിയില്ല

പദ്ധതി : ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നം : 58/31.03.18 തുക : 87,350/-
ബിൽ നം : 59/31.03.18 തുക : 59,986/-

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് wages എന്ന ഇനത്തിൽ 59,986/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 59,986/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

കൺസൾട്ടൻസി ഫീസ് ഇനത്തിൽ 58,500/-(49550+8950)രൂപ ഗ്ലോബൽ ക്വാളിറ്റി കൺസൾട്ടൻസി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആദായനികുതി നിയമം വകുപ്പ് 194ജെ അനുസരിച്ച് മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും 10% ആദായനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആദായനികുതി ഈടാക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് കൈമാറി. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (44/29.10.2019) മറുപടിയും ലഭിച്ചില്ല. ഇപ്രകാരം വരവിനത്തിൽ 4,955/- രൂപയുടെ നഷ്ടമുണ്ടായി.

# 1-34 MRFഷെഡിന് സ്ഥലം വാങ്ങൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പദ്ധതി : MRFഷെഡിന് സ്ഥലം വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

<u>2017-18</u>

ബിൽ നം : 63/31.03.2018 തുക 2,44,232/-
ബിൽ നം : 10/30.05.2018 തുക 11,05,768/-

MRF(Material Recovery Facility) ഷെഡ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയെങ്കിലും സ്ഥലം കുളത്തിന്റെ കരയിൽ ആയതിനാൽ പൊതു ജനങ്ങളുടെ എതിർപ്പ് കാരണം മേൽ പറഞ്ഞ സ്ഥലത്ത് MRFഷെഡ് നിർമ്മിക്കാൻ സാധിച്ചില്ല.

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ കണ്ടു

- സ്ഥലം വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ശ്രീ.ഗോപകുമാർ, ശ്രീമതി.മിനി കുമാരി എന്നിവരുടെ രണ്ട് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. ആയതിൽ കുളത്തിന്റെ കരയിൽ ഉള്ള ഗോപകുമാറിന്റെ ഉടമസ്ഥതയിലുള്ള വസ്തു വാങ്ങുന്നതിന് ആണ് പഞ്ചായത്ത് തീരുമാനിച്ചത്. ശ്രീമതി. മിനി കുമാരിയുടെ കത്ത് പ്രകാരം പഞ്ചായത്ത് വക ഭൂമിയോട് ചേർന്ന് പഞ്ചായത്തിന് മറ്റൊരു ആവശ്യത്തിന് വിലയ്ക്ക് നൽകാമെന്ന് സമ്മതപത്രം നൽകിയ 20 സെന്റിനോട് ചേർന്നുള്ള 10 സെന്റ് സ്ഥലം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വസ്തു എന്തുകൊണ്ടാണ് തെരഞ്ഞെടുക്കാത്തതെന്ന് വ്യക്തമല്ല. കുളത്തിന്റെ കരയിൽ ഉള്ള വസ്തു തെരെഞ്ഞെടുത്തതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്ക് (24/24.10.2019) മറുപടി ലഭിച്ചില്ല.
- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 61(4) പ്രകാരം MRF ഷെഡുകൾ നിർമിക്കുന്നതിന് വസ്തുവിലേക്ക് 7 മീറ്റർ വീതിയുള്ള വഴി ആവശ്യമാണ്. എന്നാൽ തെരഞ്ഞെടുത്ത വസ്തുവിലേക്ക് പൊതു വഴിയിൽ നിന്ന് 5.5 മീറ്റർ വീതിയുള്ള വഴി മാത്രമാണ് ഉള്ളത്. അധികമായി വേണ്ടി വരുന്ന 1.1മീറ്റർ സമിതി കണ്ടെത്തി ചട്ടം പാലിച്ച് നിർമ്മാണം നടത്തുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചാണ് വസ്തു വാങ്ങിയത്. പ്രധാന റോഡിൽ നിന്നും 11 മീറ്റർ നീളത്തിൽ 1.1 മീറ്റർ അധിക വസ്തു കണ്ടെത്തേണ്ടതുണ്ട്. ആവശ്യത്തിനുള്ള വഴി ലഭ്യമല്ല എന്ന് മുൻകൂട്ടി അറിഞ്ഞിട്ടാണ് വസ്തു വാങ്ങിയത്.
- ഷെഡ് നിർമ്മാണം ആരംഭിക്കുന്നതിനു മുൻപ് തന്നെ പൊതു സമൂഹത്തിന്റെ എതിർപ്പ് ഉണ്ടാവുകയും മേൽപ്പറഞ്ഞ വസ്തുവിൽ യാതൊരു പ്രവർത്തനവും നടത്താൻ കഴിയാതെ വരികയും ചെയ്തു. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി, വ്യക്തമായ പഠനം നടത്തേണ്ടിയിരുന്നു. പദ്ധതി കൊണ്ട് ഉണ്ടാകുന്ന മെച്ചങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, സാമ്പത്തികമായ ബുദ്ധിമുട്ടുകൾ, പ്രായോഗിക ബുദ്ധിമുട്ടുകൾ, സാമൂഹ്യപരമായ എതിർപ്പ് എന്നീ ഘടകങ്ങൾ സംബന്ധിച്ച് വിശദ പഠനം നടത്തേണ്ടിയിരുന്നു. ഇവിടെ അത്തരം ഒരു പഠനം നടത്തിയതായി കാണുന്നില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിലോ വികസന സെമിനാറിലോ ഈ പദ്ധതിയെപ്പറ്റി യാതൊരുവിധ ചർച്ചയും നടത്തിയതായി കാണുന്നില്ല. വേണ്ടത്ര മുന്നൊരുക്കമോ പഠനമോ ഈ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായില്ല.
- പല സ്ഥലങ്ങളിലും MRFപോലുള്ള സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ അതിനു പിന്നാലെ സാമൂഹ്യപരമായ എതിർപ്പ് ഉണ്ടാകുകയും അപ്രകാരം പദ്ധതികൾ ഉപേക്ഷിക്കുന്നതും ആയ സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത് മുൻകൂട്ടി കണ്ട് പദ്ധതി തയ്യാറാക്കാൻ പഞ്ചായത്തിന് കഴിഞ്ഞില്ല.
- കുളത്തിനോട് ചേർന്ന സ്ഥലമാണ് ഷെഡ് നിർമ്മിക്കാൻ വാങ്ങിയത്. പൊതു ജലാശയത്തിന് അടുത്തുള്ള വസ്തു MRFപോലുള്ള സ്ഥാപനങ്ങൾ നിർമ്മിക്കാൻ വാങ്ങുന്നത് തന്നെ ഉചിതം ആയിരുന്നില്ല. ഇത്തരം സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ ജലാശയങ്ങളെ മലിനമാക്കും എന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. അതിനാൽ തന്നെ പൊതുസമൂഹത്തിൽ നിന്നും എതിർപ്പ് ഉണ്ടാവുക സ്വാഭാവികമാണ്. ഈ കാര്യം മുൻകൂട്ടി അറിയാൻ പഞ്ചായത്തിന് കഴിഞ്ഞില്ല.

യാതൊരുവിധ മുന്നൊരുക്കങ്ങളും പഠനവും ഇല്ലാതെ ചെയ്തതിനാൽ ഈ പദ്ധതി ഒരു വസ്തു വാങ്ങൽ പദ്ധതി മാത്രമായി മാറി. ജലാശയത്തിന് അടുത്തുള്ള വസ്തു തിരഞ്ഞെടുത്തതു വഴി ഇനി ഭാവിയിൽ ഇത്തരത്തിലുള്ള ഒരു പദ്ധതിയും മേൽപ്പറഞ്ഞ വസ്തുവിൽ നടപ്പിലാക്കാൻ കഴിയില്ല എന്ന കാര്യവും വ്യക്തമായി. ഇപ്രകാരം പദ്ധതി ലക്ഷ്യം കാണാതെ പോവുകയും ചെയ്തു.

ഇതു സംബന്ധിച്ച് എൻക്വയറിക്ക് (24/24.10.2019) മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ വസ്തുതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

# 1-35 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2018-19 തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായുള്ള ആക്ഷൻ പ്ലാനിൽ 1203 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ 331 പ്രവൃത്തികൾ നടപ്പാക്കി. 2018-19 ൽ 140 പേർക്ക് പുതിയതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 1394 കുടുംബങ്ങൾക്ക് 100 ദിനം തൊഴിൽ നൽകിയിട്ടുണ്ട്. മണ്ണ് സംരക്ഷണം, ജലസംരക്ഷണം, ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ പ്രവൃത്തികൾ, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം എന്നീ വിഭാഗത്തിൽപ്പെട്ട പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റിൽ Display board സ്ഥാപനം എന്ന ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ ഈ പ്രവൃത്തി നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 43 തീയതി 29.10.19 നൽകിയിരുന്നു. ഇതിന് നൽകിയ മറുപടിയിൽ Display board സ്ഥാപനം നടത്തിയിട്ടില്ല എന്നും എം ബുക്കിൽ രേഖപ്പെടുത്തിയെങ്കിലും ചെലവ് നടത്തിയിട്ടില്ല എന്നും, തുടർന്ന് നടത്തുന്ന പ്രവൃത്തികളിൽ Display board സ്ഥാപിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ സുതാര്യത നിലനിർത്തുന്നതിനായും പ്രവൃത്തി സ്ഥലത്ത് Display board സ്ഥാപിക്കേണ്ടതാണ്.

## 1-36 എ.ബി.സി.പദ്ധതി-ചെലവ് രേഖ ഹാജരാക്കിയില്ല-2,10,000/-രുപ തടസപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്-എ.ബി.സി.

പദ്ധതി നം.SO-014/18

അടങ്കൽ തുക-2,10,000/- (വികസന ഫണ്ട്)

ചെലവ് തുക-2,10,000/-.

ബിൽ നം.5/18. തിയതി-30-11-18.

നിർവഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ

തെരുവ് നായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുക, പേവിഷബാധ തടയുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പഞ്ചായത്ത് പരിധിയിലെ 100 തെരുവ് നായ്ക്കളെ പദ്ധതി പ്രകാരം വന്ധ്യംകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഒരു തെരുവ് നായക്ക് 2,100/-രൂപ നിരക്കിൽ 2,10,000/-രൂപ കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷന് കൈമാറി. കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷന്റെ 16-3-19 ലെ 2388/E3/16നം. കത്ത് പ്രകാരം 2,10,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട യാതൊരു ചെലവ് രേഖയും ഓഡിറ്റിന് ഹാജരാക്കിയില്ല. വന്ധ്യംകരിച്ച തെരുവ് നായകൾക്ക് ആന്റി റാബിസ് കുത്തിവയ്പ്പ് നൽകണമെന്നും പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നു. ആയതിന്റെ രേഖയും ഓഡിറ്റിന് ലഭ്യമാക്കിയില്ല ചെലവ് രേഖയുടെ അഭാവത്തിൽ 2,10,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 അങ്കണവാടി കെട്ടിട നിർമ്മാണം- ഭരണസമിതിയുടെ ഇടപടൽ അനിവാര്യം.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 28 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 13 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലും 14 എണ്ണം വാടക കെട്ടിടത്തിലും ഒരണ്ണം വാടകയേതര വിഭാഗത്തിലും പ്രവർത്തിച്ച് വരുന്നു. 5-3-17-ലെ സാമൂഹ്യ നീതി(ബി)വകുപ്പ് സ.ഉ.(സാധാ)S.J.D നം.148/17 നം. ഉത്തരവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സ്വന്തം കെട്ടിടത്തിൽ കൊണ്ട് വരുന്നതിനായി അടങ്കൽ തുകയുടെ 40% പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനവും 60%വനിതാ ശിശു വികസന വകുപ്പും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് മേൽ ഉത്തരവ് പ്രകാരം ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. തേരിയാംവിള അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി SO186/18 എന്ന പ്രോജക്ട് പ്രകാരം പൊതു വിഭാഗത്തിൽ 4,92,000/-രൂപയും ധനകാര്യ കമ്മീഷൻ ഇനത്തിൽ 88,000/-രൂപയും ഉൾപ്പടെ ആകെ 5,80,000/-രൂപ വകയിരുത്തി അംഗീകാരം നേടുകയും ചെയ്തു. 2-6-18-ലെ I.C.D.S/A7-3187/16നം

ഉത്തരവ് പ്രകാരം അടങ്കൽ തുകയുടെ 60% വനിതാ ശിശു വികസന വകുപ്പ് പി.ഡബ്ല്യൂ.ഡിക്ക് നൽകിയതായി പഞ്ചായത്തിനെ അറിയിച്ചു. ബാക്കി 40% തുകയായ 5,80,000/രൂപ പ്രസ്തുത തേരിയാംവിള അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡിയ്ക്ക് (ബിൽ നം.10/19 തിയതി 3-1-18 തുക 4,92,000/-, ബിൽ നം.11/19, തീയതി.31-12-18 തുക 88,000/- ആകെ-5,80,000/-രൂപ) കൈമാറി. എന്നാൽ നാളിതുവരെ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പി.ഡബ്ല്യൂ.ഡി തുടങ്ങിയിട്ടില്ലായെന്നും വാടക കെട്ടിടത്തിലാണ് നിലവിൽ അങ്കണവാടി പ്രവർത്തിക്കുന്നതെന്നും 29/19 നം. അന്വേഷണകുറിപ്പിന് ഐ.സി.ഡി.സ്. സൂപ്പർവൈസർ മറുപടി നൽകി. സർക്കാർ ഉത്തരവ് പ്രകാരം കെട്ടിടനിർമ്മാണത്തിന് മുഴവൻ തുകയും ലഭ്യമായിട്ടും അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പൂർണമാക്കാൻ സാധിക്കാത്തത് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തികരിക്കാൻ ഭരണസമിതി അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 അങ്കണവാടി കുട്ടികൾക്കുള്ള ന്യൂട്രിമിക്സ് -ഗുണനിലവാരം ഉറപ്പാക്കുന്നില്ല

സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/12/10-ലെ I.C.D.S./ബി3/312/10 നം. ഉത്തരവ് പ്രകാരം അങ്കണവാടി കുട്ടികൾക്കുള്ള ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്നും, ഗുണനിലവാരം ഇല്ലാത്തവയ്ക്ക് വില നൽകേണ്ടതന്നും വ്യക്തമാക്കുന്നു. ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ് 39/19-ന്, 2017 ഒക്ടോബർ മാസം വരെ മാത്രമെ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളുവെന്ന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി ലഭ്യമാക്കി. അങ്കണവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സിന്റെ ഗുണനിലവാരം യഥാസമയം ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഐ.സി.ഡി.എസ്.സൂപ്പർ വൈസറും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ജി.എസ്. റ്റി.രജിസ്ട്രേഷൻ ഇല്ലാത്ത ന്യൂട്രിമിക്സ് യൂണിറ്റിന് ജി.എസ്. റ്റി. ഇനത്തിൽ തുക നൽകി -15,528/-രൂപ തടസ്സപ്പെടുത്തുന്നു.

**(എ) പദ്ധതിയുടെ പേര്-അങ്കണവാടി പോഷകാഹാരം.(എസ്.സി.പി.)**

പദ്ധതിയുടെ നം.SO.87/18

<u>അടങ്കൽ തുക</u>

| | | |
|---|---|---|
| വകസന ഫണ്ട് (എസ്.സി.പി) | - | 606000 |
| ബ്ലോക്ക് വിഹിതം | - | 100000 |
| ആകെ | - | 706000 |

ചെലവ് – 6,06,000/-

ബിൽ നം.8/18.തിയതി-26-11-18-തുക-1,44,380/-

ബിൽ നം'14/19തിയതി-11- 2-19 തുക-2,53,814/-

ബിൽ നം.16/19 തിയതി-25-3-19. തുക.2,07,806/-

**(ബി) പദ്ധതിയുടെ പേര്-അങ്കണവാടി പോഷകാഹാരം ജനറൽ**

പദ്ധതിയുടെ നം.SO.42/18

<u>അടങ്കൽ തുക</u>

| | | |
|---|---|---|
| വകസന ഫണ്ട് | - | 1553738 |

കേന്ദ്രാവിഷ്കൃത ഫണ്ട് - 700000

ആകെ - 2253738

ചെലവ്-22,06,690/-

ബിൽ നം.1/18 തീയതി-29-6-18 തുക-3,70,775/-

ബിൽ നം.2/18 തീയതി-22 -8-18 തുക-1,64,222/-

ബിൽ നം.3/18 തീയതി-22 -8-18 തുക-4,41,782/-

ബിൽ നം.6/18 തീയതി-26-11- 18 തുക-4,56,852/-

ബിൽ നം.18/19 തീയതി-23-3- 19 തുക-37,741/-

ബിൽ നം.25/19 തീയതി-25-3- 19 തുക-82,366/-

ചെക്ക്നം.0886971 തീയതി-16-6- 18 തുക-3,14,179/-

ചെക്ക്നം.2307217 തീയതി-1-2- 19 തുക-76,498/-

ചെക്ക്നം.2307230 തീയതി-28-3- 19 തുക-2,62,275/-

പഞ്ചായത്തിലെ അങ്കണവാടി കുട്ടികൾക്ക് ആവശ്യമായ ന്യൂട്രിമിക്സ് കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കളത്തുകാവ് ശക്തി ശ്രീ ന്യൂട്രിമിക്സിൽ നിന്നാണ് വാങ്ങിയിരുന്നത്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭ്യമായ ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ക്യാഷ് ബിൽ | തീയതി | ബിൽ തുക |
|---|---|---|---|---|
| 1. | So 42/18 | 217 | 30-10-18 | 78,435/-<br>G.S.T-3,921/- |
| 2. | So87/18 | 231 | 30-11-18 | 76,308/-<br>G.S.T-3,815/- |
| 3. | s087/19 | 241 | 31-12-18 | 7,79,621/-<br>G.S.T.3,898/- |
| 4. | So 42/18 | 454 | 31-1-19 | 77,962/-<br>G.S.T-3,894/- |
| ആകെ ജി.എസ്.റ്റി. 15,528/- | | | | |

ജി.എസ്.റ്റി. രജിസ്ട്രേഷൻ നമ്പർ ഇല്ലാത്ത ബില്ലിന് ജി.എസ്.റ്റി. ഇനത്തിൽ 15,528/-രൂപ നൽകിയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 39/19ന് മറുപടിയിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും തുക തിരകെ ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. നിയമവിധേയമല്ലാതെ ജി.എസ്.റ്റി. ഇനത്തിൽ നൽകിയ 15,528/- രൂപ തടസ്സപ്പെടുത്തുന്നു. നിയമാനുസൃതരേഖകൾ 3 മാസത്തിനകം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 മരുന്ന് പൂർണമായും ലഭ്യമായില്ല - 39,656/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്-ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.

പദ്ധതിയുടെ നം-SO23/18.

പദ്ധതി അടങ്കൽ-3,00,000/-(മെയിന്റനൻസ് ഫണ്ട്)

പദ്ധതി ചെലവ്-3,00,000/- (തീയതി-25-07-2018)

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

ആയുർവേദ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. മരുന്ന് ലഭിക്കുന്നതിനായി ഔഷധിക്ക് 3,00,000/-രൂപ മുൻകൂർ നൽകി. എന്നാൽ 18-06-2019 വരെ 2,60,344/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 35/19-ന് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഔഷധിക്ക് മരുന്ന് ലഭിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കി. ബാക്കി ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 39,656/രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-41 ലൈഫ് പദ്ധതി-അപാകങ്ങൾ.

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും, സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന "നവകേരളം കർമ്മ പദ്ധതി" യുടെ ഭാഗമായ നാല് മിഷനുകളിൽ ഒന്നാണ് "സമ്പൂർണ്ണ പാർപ്പിടം''-അഥവാ-: ''ലൈഫ് മിഷൻ''. സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകി വീട് പൂർത്തികരിച്ച് നൽകുന്നതിനാണ് പഞ്ചായത്ത് ലൈഫ് പദ്ധതികൊണ്ട് ലക്ഷ്യമിട്ടത്. പദ്ധതി നിർഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 11-10-17-ലെ ത.സ്വ.ഭ.വ. സ.ഉ.(എം.എസ്.)നം 196/17-ഉത്തരവ് പ്രകാരം ഓരോ വീടിന്റെയും നിലവിലെ അവസ്ഥ വാർഡ്തല കർമ്മ സമിതി, സർക്കാർ നിർദ്ദേശപ്രകാരമുള്ള മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതും, ആയത് വാർഡ് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും ആണ്. എന്നാൽ പഞ്ചായത്ത് അത്തരം പ്രവർത്തനം നടത്തിയിട്ടില്ല.

2. അപേക്ഷകളിൽ സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവ പൂർണ്ണമായും രേഖപ്പെടുത്താതെ ഗുണഭോക്താക്കൾക്ക് തുക നല്കി.

# 1-42 ലൈഫ് പദ്ധതി-ഭവനനിധി രൂപികരിച്ചില്ല.

സ.ഉ.(എം.എസ്.)നം.151/2017/ത.സ്വ.വ തീയതി 31-07-17ലെ ലൈഫ് മിഷന്റെ മാർഗ്ഗരേഖ പ്രകാരം ലൈഫ് മിഷന്റെ പൂർണ്ണവിജയത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവന സ്വീകരിച്ച് ഭവനനിധി രൂപീകരിക്കേണ്ടതും, അതിനായി പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. ധനസമാഹരണത്തിനായി വിവിധ മത്സരങ്ങൾ നടത്താവുന്നതും വിവിധതരത്തിലുള്ള സ്പോൺസർഷിപ്പുകൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭവനനിധി രൂപീകരിച്ചിട്ടില്ല.

# 1-43 യോഗ പരിശീലനം --സബ്സിഡി മാർഗരേഖയെ അധികരിച്ച് ചെലവഴിച്ചു

പദ്ധതിയുടെ പേര് – സായംസന്ധ്യ- വയോജനങ്ങൾക്ക് ജീവിതശൈലി രോഗനിയന്ത്രണം, പരിശോധന, യോഗ പരിരക്ഷ.

പദ്ധതി നം.SO-115/18-19

പദ്ധതി അടങ്കൽ-75,000/-(പൊതു വിഭാഗം)

പദ്ധതി ചെലവ്-75,000/-

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ആഫീസർ (പി.എച്ച്.സി)

ബിൽ നം.20/19 തീയതി 26-2-19 തുക 29,350/-,
ബിൽ നം.32/19 തീയതി 12-2-19 തുക 15,000/-,
ബിൽ നം.38/19 തീയതി 21-3-19 തുക 30,650/-

വയോജനങ്ങൾക്ക് ജീവിതശൈലിരോഗനിയന്ത്രണം, രോഗങ്ങളുടെ കണ്ടെത്തൽ, യോഗ പരിശീലനം നൽകുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം. വയോജനങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി യോഗാപരിശീലനം നൽകുന്നതിനായി ഒരു യോഗ പരിശീലകനെയും നിയമിച്ചു. പഞ്ചായത്തിലെ നിശ്ചിത സ്ഥലങ്ങളിൽ വച്ച് 50 യോഗക്ലാസ്സുകൾ നൽകി. യോഗ പരിശീലകന് ഒരു ക്ലാസ്സിന് 500/-രൂപ നിരക്കിൽ 25,000/-രൂപ നൽകി. എന്നാൽ 2018-19 ലെ സബ്സിഡി മാർഗരേഖ (7.5 പൊതു ജനാരോഗ്യം ഖ.7.5.5) പ്രകാരം ഒരു ക്ലാസ്സിന് 400/-രൂപ മാത്രമേ നൽകാവൂ. ഇപ്രകാരം 5,000/-രൂപ അധികം നൽകി. ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 25/19 ന് നൽകിയ മറുപടിയിൽ ആരോഗ്യ വകുപ്പിന്റെ 10-11-17-ലെ oder no.C2.25371/17 DMO-പ്രകാരം 500/-രൂപ നൽകാമെന്ന് ഉത്തരവ് ലഭ്യമായതു കൊണ്ടാണ് തുക നൽകിതെന്ന് വിശദീകരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗരേഖ കർശനമായി പാലിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വാണിജ്യവാശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കി

(അ)2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

എന്നാൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ, സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്." എന്നാൽ കെട്ടിടത്തെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ. എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കേണ്ടിയിരുന്നത് (ഫോം 6). കൂടാതെ ഒരേ ഉടമസ്ഥന്റെ കെട്ടിടത്തിന് റൂമുകൾ തിരിച്ചാണ് കെട്ടിട നമ്പർ രേഖപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നത് . ഇതുകാരണം പഞ്ചായത്തിന് തനതുവരുമാനമിനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു.

(കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് (സഞ്ചയ പ്രകാരം)

100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ- @50/- ച.മീറ്ററിന്

100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ - @ 65 രൂപ ച.മീറ്ററിന് )

പഞ്ചായത്തിൽ 2018-19 വർഷം ഇപ്രകാരം തെറ്റായി നികുതി നിർണയിച്ചിട്ടുള്ള

(സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ )കെട്ടിടങ്ങളുടെ വിശദാംശം ചുവടെ

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര്,വിലാസം | വിസ്തീർണ്ണം (Sq m) | വർദ്ധനവ്, ഇളവുകൾ | ഗ്രാമപഞ്ചായത്ത് 50 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (ലൈബ്രറി സെസ് ഉൾപ്പെടെ) | 65 രൂപ നിരക്കിൽ നിർണ്ണയി ക്കേണ്ടി യിരുന്ന വസ്തുനികുതി (ലൈബ്രറി സെസ് ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 7/110Aതാഴത്തെ നില | ബാബു പി.ബി പി.ബി നിവാസ് കിഴക്കേ റോഡരികത്ത് വീട്, കുളത്താമൽ പി.ഒ | 23 | (വർദ്ധനവ് - 20%, ഇളവ് 20%) | 1208.00 | 1569.75 | |
| | 7/110B താഴത്തെ നില | | 21 | | 1103.00 | 1433.25 | |
| | 7/110 C താഴത്തെ നില | | 21 | | 1103.00 | 1433.25 | |
| | 7/110 D താഴത്തെ നില | | 38 | | 1995.00 | 2593.50 | |
| ആകെ | | | 103 | | 5409.00 | 7030.00 | 1621 |
| 2 | 7/124 A താഴത്തെ നില | വിജയകുമാരൻ നായർ, ദീപ്തി ഭവൻ, ഏലം കോട്, മഞ്ചവിളാകം | 23 | ((വർദ്ധനവ് - 20%, ഇളവ് 10%) | 1329.00 | 1726.725 | |
| | 7/124 B താഴത്തെ നില | | 26 | | 1502.00 | 1951.95 | |
| | 7/124 C താഴത്തെ നില | | 16 | | 924.00 | 1201.20 | |
| | 7/124 D താഴത്തെ നില | | 23 | | 1329.00 | 1726.125 | |
| | 7/124 E താഴത്തെ നില | | 15 | | 867.00 | 1126.125 | |
| | 7/124 F താഴത്തെ നില | | 27 | | 1560.00 | 2027.025 | |
| ആകെ | | | 130 | | 7511.00 | 9760.00 | 2249 |
| 3 | 7/124H താഴത്തെ നില | സാംബശിവൻ, ഗിരിജ സാഗരിക, മഞ്ചവിളാകം | 39.94 | (വർദ്ധനവ് - 20%, ഇളവ് 10% | 2307.00 | 2855.70 | |
| | 7/124 G താഴത്തെ നില | | 25.06 | | 1448.00 | 1791.79 | |
| | 7/124 I ഒന്നാം നില | | 95 | (വർദ്ധനവ് - 20%, ഇളവ് 10%)+6% Base property tax | 5213.00 | 6384.95 | |
| ആകെ | | | 160 | | 8968.00 | 11032.000 | 2064 |
| 4 | 10/314A താഴത്തെ നില | ബിജു, ബിന്ദുനിവാസ്, മേക്കൊല്ല, ധനവച്ചപുരം | 125 | വർദ്ധനവ് - 0%, ഇളവ് 10%) | 5907.00 | 7678.125 | |
| | 10/314B താഴത്തെ നില | | 125 | | 5907.00 | 7678.125 | |
| ആകെ | | | 250 | | 11814.00 | 15356.00 | 3542 |
| 5 | 12/25A താഴത്തെ നില | വിനു, വിശാഖം, ധനവച്ചപുരം | 46.74 | (വർദ്ധനവ് - 20%, ഇളവ് 0%) | 2946.00 | 3828.006 | |
| | 12/25B താഴത്തെ നില | | 47.94 | | 3021.00 | 3926.286 | |
| | 12/25C | | 15.98 | | 1007.00 | 1308.762 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | താഴത്തെ നില | | | | | | |
| | 12/25D<br>താഴത്തെ നില | | 31.96 | | 2014.00 | 2617.524 | |
| | 12/25E<br>താഴത്തെ നില | | 46.74 | | 2946.00 | 3828.006 | |
| ആകെ | | | 189.36 | | 11934.00 | 15509.00 | 3575 |
| 6 | 12/261B<br>താഴത്തെ നില | വിജയൻ, ചൈതന്യ, കൊറ്റാമം , പുതുശ്ശേരി | 44.04 | (വർദ്ധനവ് - 20%, ഇളവ് 0%) | 2776.00 | | |
| | 12/261C<br>താഴത്തെ നില | | 44 | | 2772.00 | | |
| | 12/261D<br>താഴത്തെ നില | | 44 | | 2772.00 | | |
| ആകെ | | | 132.04 | | 8320.00 | 10814.00 | 2494 |
| 7 | XIV/352 A<br>താഴത്തെ നില | അഖിലകുമാരി ജെ, മീനബിൽഡിംഗ്, ഉദിയൻകുളങ്ങര | 17.26 | (വർദ്ധനവ് - 20%, ഇളവ് 0%) | 1088.00 | 1346.28 | |
| | XIV/352 B<br>താഴത്തെ നില | | 16.564 | | 1044.00 | 1291.992 | |
| | XIV/352 C<br>താഴത്തെ നില | | 16.564 | | 1044.00 | 1291.992 | |
| | XIV/352 D<br>താഴത്തെ നില | | 11.234 | | 709.00 | 876.252 | |
| | XIV/352 E<br>ഒന്നാം നില | | 50.389 | (വർദ്ധനവ് - 20%, ഇളവ് 0%)+6%Base Pro tax | 3017.00 | 4126.86 | |
| | XIV/352 F<br>ഒന്നാം നില | | 11.234 | | 675.00 | 920.06 | |
| | XIV/352G<br>രണ്ടാം നില | | 50.389 | (വർദ്ധനവ് - 20%, ഇളവ് 0%)+12%Base pro.tax | 2859.00 | 4233.38 | |
| | XIV/352H<br>രണ്ടാം നില | | 11.234 | | 709.00 | 963.88 | |
| ആകെ | | 184.868 | | | 11145.00 | 15141.00 | 3995 |
| വസ്തു നികുതി കണക്കാക്കിയതിലെ ആകെ കുറവ് | | | | | | | 19540 |

മേൽ കാണിച്ച പട്ടികയുടെ അടിസ്ഥാനത്തിൽ കെട്ടിടനികുതി പുനർനിർണയിക്കേണ്ടതും കുറവായി അസസ് ചെയ്തതുകാരണം പഞ്ചായത്തിനുണ്ടായ നഷ്ടം 19,540/- രൂപ കുടിശ്ശികസഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 2-2 സെലക്ഷൻ നോട്ടീസ് കൈപ്പറ്റി എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം- 4,167/-തുക ഈടാക്കേണ്ടതാണ്

01.02.2012 ലെ PWD manual 13/2017 sec 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശസ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. PACയുടെ 1% പിഴ 14 ദിവസത്തിനുശേഷം 10 ദിവസത്തിനകം കരാർ ചമച്ചില്ലെങ്കിൽ ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 'എയ്ത്തുകൊണ്ടക്കാണി ആനക്കുന്ന് റോഡ് പുനരുദ്ധാരണം' എന്ന പ്രവൃത്തിയിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | എഗ്രീഡ് പി.എ.സി. | സെലക്ഷൻ നോട്ടീസ് | എഗ്രിമെന്റ് ഒപ്പുവച്ച | ഈടാക്കേണ്ട തുക | കോൺട്രാക്ടർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | കൈപ്പറ്റിയ തീയതി | തീയതി | (PACയുടെ 1%) | |
| എസ്.ഒ.199/19 എയ്റ്റ്കൊണ്ടക്കാണി ആനക്കുന്ന് റോഡ് പുനരുദ്ധാരണം<br>കോൺട്രാക്റ്റർ- ശ്രീ.അനിൽകുമാർ | 4,16,724/- | 10/10/18 | 17/11/18 | 4,167/- | ശ്രീ. അനിൽകുമാർ |

കരാറുകാരനിൽ നിന്നും പിഴത്തുകയായ 4,167/- രൂപ ഈടാക്കി വിവരം ലഭ്യമാക്കാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്

## 2-3 കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല- നഷ്ടം 13,887/-

കേരളാ പൊതുമരാമത്ത് വകുപ്പ് മാനുവൽ 2012 (ജി.ഒ (പി)13/2012) പാർട്ട്2 പ്രവർത്തന സമ്പ്രദായങ്ങളിലെ സെക്ഷൻ 2112 ൽ കരാറുകാരന്റെതല്ലാത്ത കാരണത്താൽ പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിനായി അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻമ്പ് അപേക്ഷ നല്കേണ്ടതാണ്. ആയത് ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ വാങ്ങി പൂർത്തീകരണകാലാവധിയുടെ 25%വരെ തീർപ്പാക്കി നല്കാം. ചില പ്രവൃത്തികളിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ പേര് | ചെലവ് ബിൽനം./ തിയതി | എഗ്രീഡ് പി.എ.സി. | കോൺട്രാക്റ്റർ | വർക്ക് ഓർഡർ തീയതി, കാലാവധി | പണി പൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ (പി.എ.സി. യുടെ 1%) |
|---|---|---|---|---|---|---|---|
| 5818-19<br>ഇരിപ്പോട്ടുകോണം-പാണംവിള റോഡ് കോൺക്രീറ്റിംഗ്. | 47/18-19 dtd22.12.18 | 3,48,134/- | ശ്രീ.പി.കെ.സതികുമാർ | 20/07/18<br>90 ദിവസം | 20/10/18 | 7/12/18 | 3,481/- |
| 72/19<br>കറക്കത്തല – പറലുവിള ക്ഷേത്ര നടപ്പാത ഇന്റർലോക്ക്. | 51/18-19 dtd31/12/18<br>1/22.5.18 | 1,99,808/- | ശ്രീ.ശ്രീകണ്ഠൻ നായർ. | 26/07/18<br>90 ദിവസം | 26/10/18 | 14/12/18 | 1,998/- |
| 57/19.<br>ഓണംകോട് ചാണക്യവിളാകം | 52/18-19 | 1,42,668/- | ശ്രീ.മനോഹരൻ | 26/07/18<br>90 ദിവസം | 26/10/18 | 20/12/18 | 1,427/- |
| 94/19<br>പള്ളിവിള കോളനി വികസനം | 55/18-19 dtd24-01-18 | 2,98,250/- | ശ്രീ.പി.കെ.സതികുമാർ | 20/07/18<br>6/07/18<br>90 ദിവസം<br>90 ദിവസം | 20/10/18 | 14.01.19 | 2,982/- |
| s064/19 ആലപ്പന-കട്ടംകര റോഡ് | 57/18-19 dtd2.3.19 | 3,99,921/- | ശ്രീ.സുഫിലാൽ.എ.വി. | 6/07/18<br>90 ദിവസം | 26/10/18 | 14.01.19 | 3,999/- |

കരാറുകാരിൽ നിന്നും ദീർഘിപ്പിക്കലിനുള്ള പിഴ ഈടാക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 15.07.2019 മുതൽ 17.07.2019 വരെ | 19.08.2019ലെ KSA TVM GP2/1358/2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | മുന്നിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | ലൈഫ് ഭവന പദ്ധതി (ജനറൽ) 62/19 | 1835098 | 0 | 1550000 | 285098 | |
| | | സ്നേഹസ്പർശം 104/19 | 249375 | 0 | 249375 | 0 | സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല |
| | | ക്ഷീര സമൃദ്ധി 5, 6/19 | 1000000 | 0 | 1000000 | 0 | |
| | | കിണർ റീചാർജിംഗ് 105,108/19 | 280000 | 0 | 216000 | 64000 | സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല |
| | | എയ്യകൊണ്ടാണി റോഡ് പുനരുദ്ധാരണം 199/19 | 500000 | 0 | 394225 | 105775 | |
| | | കേദാരം 27/19 | 238000 | 0 | 238000 | 0 | സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല |
| | | അങ്കണവാടി കുട്ടികളുടെ പാർക്ക് നിർമാണം 87/19 | 93750 | 0 | 93750 | 0 | |
| | | റിഡംപ്ഷൻ | 2043457 | | | | |
| | | തച്ചംവിള കാട | 0 | 0 | 658000 | 0 | സ്പിൽ ഓവർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | നടപ്പാത നിർമാണം 181/19 | | | | | |
| | | വിദ്യാർത്ഥികൾക്ക് സൈക്കിൾ (എസ് സി) | 0 | 0 | 230000 | 0 | സ്പിൽ ഓവർ |
| ആകെ | | | **6239680** | 0 | | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | ലൈഫ് ഭവന പദ്ധതി (ജനറൽ) 62/19 | 3237347 | 0 | 3222000 | 15347 | |
| | | ലൈഫ് ഭവന പദ്ധതി (എസ് സി പി) 110/19 | 707815 | 0 | 0 | 707815 | |
| | | സ്നേഹസ്പർശം 104/19 | 249375 | 0 | 249375 | 0 | സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല |
| | | ക്ഷീര സമൃദ്ധി 5,6/19 | 205000 | 0 | 205000 | 0 | |
| | | കേദാരം 27/19 | 178500 | 0 | 178500 | 0 | സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല |
| | | ഹരിതകേരളം 31/19 | 280000 | 0 | 280000 | | സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല |
| | | ജൈവസമൃദ്ധി 34/19 | 15000 | 0 | 0 | 15000 | |
| ആകെ | | | **4873037** | 0 | | | |

ബ്ലോക്ക്, ജില്ലാ വിഹിതം നീക്കിയിരിപ്പുകൾ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി@ | തെരുവുവിളക്ക് ലൈൻ നീട്ടൽ 136/19 | 331520 | 0 | 0 | 331520 |
| കേരള വാട്ടർ അതോറിറ്റി@@ | ആനക്കുന്ന അംഗൻവാടി കുടിവെള്ള വിതരണം 40/19 | 21000 | 0 | 0 | 21000 |
| | കുടിവെള്ളത്തിന് പൊതുടാപ്പ്-കാവ്മുതൽ പാലപ്പള്ളി വരെ142/19 | 51000 | 0 | 0 | 51000 |
| | തൃപ്പലവൂർ പുന്നക്കാല റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ73/19 | 199000 | 0 | 0 | 199000 |
| | അയണംകോട് തേവരത്തലവിളാകം | 160000 | 0 | 0 | 160000 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ79/19 | | | | |
| ആകെ | | 583420 | 0 | 0 | 583420 |

@സുലേഖ പ്രകാരം ലഭ്യമായ വിവരം. ബി18ൽ മുൻകൂർ നൽകിയ വിവരം ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

@@എ.ഇ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ലഭ്യമായ വിവരം. ബി18 ൽ മുൻകൂർ നൽകിയ വിവരം ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. | സ.ഉ.(എം.എസ്.)നം.68/18 ത.സ്വ.ഭ.വ. തീയതി 18.05.2018 | 54602805 | 0 | 0 | 0 | 54602805 |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(എം.എസ്.)നം.831/10 ത.സ്വ.ഭ.വ. തീയതി 11.03.2010 | 14889000 | 1202352 | 1202352 | - | 0 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,133/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2013-14 | 3.1.2(2) | 366/- | ശ്രീമതി. രജിത ചെല്ലപ്പൻ അസി. എഞ്ചിനീയർ |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,68,05,007/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,11,15,324/- |
| വരവിനങ്ങളിലുള്ള നഷ്ടം | 37,594/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,995/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,88,485/- |

<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 19,540/ | - | ശ്രീ.ബാബു.സി. സെക്രട്ടറി |
| 2-2 | 4,167/- | - | ശ്രീമതി.സൗമ്യ. എസ്.എസ്. അസി. എഞ്ചിനീയർ |
| 2-3 | 13,887/- | - | ശ്രീമതി.സൗമ്യ. എസ്.എസ്. അസി. എഞ്ചിനീയർ |
| ആകെ | 37,594/-രൂപ | | |

ബി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-32 | 2,23,301/- | ശ്രീ. സി. ബാബു, സെക്രട്ടറി |
| 1-36 | 2,10,000/- | ഡോ. പ്രദീപ്. എസ്.വി. (വെറ്റിനറി സർജൻ) |
| 1- 39 | 15,528/- | ശ്രീമതി. വിജയശ്രീ.എം. (ഐ.സി.ഡി.എസ്. സൂപ്പർവൈസർ) |
| 1-40 | 39,656/- | ഡോ. അനുരാധ. എ. മെഡിക്കൽ ഓഫീസർ, P.H.C. |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീ. ബാബു. സി. സെക്രട്ടറി | വിരമിച്ചു | ബിനുശ്രീ, ശാന്തീപുരം, മുല്ലൂർ. |
| 2. | ശ്രീമതി. സൗമ്യ. എസ്.എസ്. അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ | ജെ.എസ്.ഭവൻ, കുഴച്ചാണിവിളവീട്, ചെറുവാരക്കോണം, പാറശ്ശാല. പി.ഒ. |
| 3. | ഡോ.പ്രദീപ്. എസ്. വി. (വെറ്റിനറിസർജൻ) | വെറ്റിനറിസർജൻ | വിമൻവില്ല, ഇലങ്കംറോഡ്, വഴുതൂർ, നെയ്യാറ്റിൻകര. |
| 4. | ശ്രീമതി. വിജയശ്രീ.എം. (ഐ.സി.ഡി.എസ്.) | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പനങ്ങോട്ടുമേലെ പുത്തൻവീട്, അന്തിയൂർക്കോണം, കൊല്ലോട്. പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.2/898/02 തീയതി.11.06.2014 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1684/04 തീയതി.11.06.2014 | 2 | |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 1 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1676/2016 തീയതി. | 6 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി 22.05.2018 | 20 | |

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ **കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19**ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

R.20.2.20